ഉത്തരം

(എ-സി) സിക്കിം/ഭൂട്ടാൻ ലോട്ടറി കേസുകളിൽ നടത്തിവരുന്ന അന്വേഷണങ്ങൾ മോണിറ്റർ ചെയ്യുന്നതിന് ഡോ. സിബി മാത്യൂസ് ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് മേൽപറഞ്ഞ കേസുകളുടെ അന്വേഷണം മോണിറ്റർ ചെയ്തുവരുന്നു. അന്വേഷണം സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ലോട്ടറി ചട്ടലംഘനകേസ്സുകൾ

86(378) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ചട്ടലംഘനത്തിന്റെ പേരിൽ സാന്റിയാഗോ മാർട്ടിനെതിരെ സംസ്ഥാനത്ത് എത്തെങ്കിലും കേസ് നിലവിലുണ്ടോ; എങ്കിൽ ഇത് സംബന്ധമായ അന്വേഷണങ്ങളുടെ നിലവിലുള്ള സ്ഥിതിയടക്കം വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പാലക്കാട് മേഘ ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ ഗോഡൗൺ കത്തിയ സംഭവത്തിൽ പോലീസ് കേസ്സെടുത്തിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പിന്റെ നിർമ്മാണ പ്രവർത്തനം

87(379) ശ്രീ. പി. വിശ്വൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റൂറൽ എ.ആർ. ക്യാമ്പിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ട് എത്ര വർഷമായി എന്ന് വ്യക്തമാക്കുമോ :

(ബി) ഇതുവരെ ഇവിടെ എത്ര രൂപ ചെലവഴിച്ചുവെന്നും എന്തൊക്കെ പ്രവൃത്തി പൂർത്തിയായി എന്നും വ്യക്തമാക്കുമോ :

(സി) പ്രവൃത്തികൾ പൂർത്തിയാക്കാനുള്ള തടസ്സം എന്താണെന്നും എപ്പോൾ പണി പൂർത്തിയാക്കി ക്യാമ്പ് മാറാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly